പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2536 — 27.01.2014- ൽ മറുപടിക്ക്

## സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ.കെ. ലതിക | | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 27.8.2012 ലെ 2863/ 2012/ആ.ക.വ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ ഇതിനകം നടപ്പാക്കി കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; <br> ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; | എ) & ബി) | പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള 07.09.2011 മുതൽ 20.01.2012 വരെയുള്ള കാലയളവ് ക്രമീകരിക്കുകയും ടി കാലയളവിലെ ശമ്പളം മാറി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവ് വിട്ടു നിൽക്കേണ്ടി വന്നതിന് ഉത്തരവാദികളായവരിൽ നിന്നും അധികമായി ചെലവായ തുക തിരിച്ചു പിടിയ്ക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചു വരുന്നു. |
| സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനായി വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | സി) | പാലക്കാട്, കോട്ടപ്പുറം പി.എച്ച്. സി.യിലെ ഒന്നാം ഗ്രേഡ് ജെ.എച്ച്.ഐ ആയിരുന്ന ശ്രീ. ആർ. പ്രമോദ് കുമാറിന് 1.9.11 ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് സ്ഥലംമാറ്റം നൽകുകയും, 5.9.11 ന് ടി സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്ത് 7.9.11 ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. <br> എന്നാൽ 6.9.11-ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ സ്ഥലംമാറ്റം റദ്ദ് ചെയ്തു. അതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ടിയാൾക്ക് നിയമന ഉത്തരവ് നൽകിയില്ല. <br> എന്നാൽ ടിയാളുടെ സ്ഥലംമാറ്റം റദ്ദ് ചെയ്ത ഉത്തരവ് 16.12.11 ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 17.12.11-ന് ടിയാന് അടിയന്തിരമായി നിയമനം നൽകാൻ പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകുകയും 21.1.2012-ന് |

പാലക്കാട് ചാലിശ്ശേരി സി.എച്ച്.സി.യിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് ടിയാന്റെ 7.9.11 മുതൽ 20.1.12 വരെ ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവാകുകയും അനാസ്ഥമൂലം സർക്കാറിന് അധിക ച്ചെലവിന് ഉത്തരവാദികളായ ജീവന ക്കാരിൽ നിന്ന് ടി തുക ഈടാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ചാലിശ്ശേരി സി.എച്ച്.സി-യിലെ മെഡിക്കൽ ആഫീസർ ടിയാന്റെ പ്രസ്തുത കാലയളവിലെ ശമ്പളം മാറി നൽകിയിട്ടുണ്ട്.

എന്നാൽ ടിയാൻ പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച ശേഷം യാതൊരു ജോലിയും ചെയ്തിട്ടില്ലാ എന്നും ഒരു ഫീൽഡ് വർക്കും നടത്തിയിട്ടില്ല എന്നും പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ചാർജ്ജ് മെമ്മോ നൽകുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ